"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ് - പട്ടിക വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളെ കോളനി, സങ്കേതം എന്നിവയ്ക്ക് പകരമായി "നഗർ", "ഉന്നതി", "പ്രകൃതി" മുതലായ പേരുകളോ, ഓരോ സ്ഥലത്തും പ്രാദേശികമായി താൽപര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.16/2024/SCSTD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 08.06.2024 തീയതിയിലെ SCDD/2797/2024-P2(PL) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടിക വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളെ "കോളനി," "സങ്കേതം", "ഊര്" എന്നീ പേരുകളിലാണ് നിലവിൽ അഭിസംബോധന ചെയ്തുവരുന്നത്. മേൽ പേരുകളിൽ അഭിസംബോധന ചെയ്യുന്നത് അവമതിപ്പിന് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടതായും മേൽ പരാമർശിച്ച പേരുകൾക്ക് പകരം കാലാനുസൃതമായി നാമകരണം നടത്തുന്നതാണ് ഉചിതം എന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിക വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളെ "കോളനി," "സങ്കേതം", "ഊര്" എന്നീ പേരുകൾക്ക് പകരമായി "നഗർ", "ഉന്നതി", "പ്രകൃതി" മുതലായ പേരുകളോ, ഓരോ സ്ഥലത്തും പ്രാദേശികമായി താൽപര്യമുള്ള കാലാനുസൃതമായ പേരുകളോ തെരഞ്ഞെടുക്കാവുന്നതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു. ഇത്തരം പ്രദേശങ്ങൾക്ക് വ്യക്തികളുടെ പേരുകൾ നൽകുന്നത് പല സ്ഥലത്തും തർക്കങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വ്യക്തികളുടെ പേരുകൾ പരമാവധി ഒഴിവാക്കേണ്ടതാണ്. എന്നാൽ നിലവിൽ വ്യക്തികളുടെ പേര് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ ആയത് തുടരാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ / ആഡിറ്റ്) കേരള
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ